"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണം - തലസ്ഥാന നഗര വികസന പദ്ധതി - കവടിയാർ - വഴയില റോഡ് വികസനം - എൽ.എ.ആർ.299/2009 കേസ് - ബാലൻസ് വിധിക്കടത്തുകയായ 16,211/- രൂപ ശ്രീമതി. സുപ്രിയയ്ക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1359/2024/LSGD തീയതി,തിരുവനന്തപുരം, 27-07-2024

---

പരാമർശം:-
1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 28.11.2023 തീയതിയിലെ എ3/778/2019/ട്രിഡ നമ്പർ കത്ത്.
2. സ.ഉ.(സാധാ)നം.1046/2024/തസ്വഭവ തീയതി 13.06.2024
3. സ.ഉ.(സാധാ)നം.5356/2024/ധന തീയതി 08.07.2024

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി കവടിയാർ - വഴയില റോഡ് വികസനത്തിനായി പേരൂർക്കട വില്ലേജിലെ സർവ്വേ നമ്പർ Re.Sy.No. 13, 164/199, 208-ൽപ്പെട്ടതും ശ്രീമതി. സുപ്രിയയുടെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.10 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 299/2009 നമ്പർ കേസിൽ ബാലൻസ് വിധിക്കടത്തുകയായ 16211/-രൂപ അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം ട്രിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ 299/2009 കേസിൽ തിരുവനന്തപുരം സബ് കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാകളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 16,211/-രൂപ ശ്രീമതി. സുപ്രിയയ്ക്ക് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം അധിക ധനാനുമതിയായി 17,000/- രൂപ "4217-60-800-93-Payment of Compensation in LAR Cases (Plan-Charged)" എന്ന ശീർഷകത്തിൽ അനുവദിക്കുകയും ചെയ്തിരുന്നു.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റേയും അധികധനാനുമതിയുടേയും അടിസ്ഥാനത്തിൽ കവടിയാർ - വഴയില റോഡ് വികസനത്തിനായി പേരൂർക്കട വില്ലേജിൽ ശ്രീമതി. സുപ്രിയയുടെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.10 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 299/2009 കേസിലെ ബാലൻസ് വിധിക്കടത്തുകയായ 16,211/- രൂപ (പതിനാറായിരത്തി ഇരുന്നൂറ്റി പതിനൊന്ന് രൂപ മാത്രം) "4217-60-800-93-Payment of Compensation in LAR Cases (Plan-Charged)" എന്ന ശീർഷകത്തിൽ അധിക

ധനാനുമതിയായി അനുവദിച്ച 17,000/- രൂപയിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ശ്രീമതി. സുപ്രിയ, T.C.5/599, Ragam Textiles, Peroorkkada, Thiruvananthapuram
(ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനവകുപ്പ് (WCD-3/134/2024-ധന(2833837), dated 17/07/2024)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 29-07-2024 11:17:41
സെക്ഷൻ ഓഫീസർ